ഫോറം നമ്പർ 7
റൂൾ 18 (1) കാണുക

**വിജ്ഞാപനം**

റഫ്. നമ്പർ .കെ.920/18

സ്ഥലം;തലശ്ശേരി

തീയ്യതി;04.01.19

കേരള സർക്കാർ 04.12.2015 തീയ്യതിയിലെ ജി.ഒ (പി) നമ്പർ 649/2015/ആർ ഡി നമ്പർ വിജ്ഞാപനപ്രകാരം സ്പെഷ്യൽ തഹസിൽദാർ എൽ എ (ജനറൽ) തലശ്ശേരിയെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന;സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വ്യവസ്ഥകൾക്കനുസരിച്ച് ഭൂമി പൊന്നുംവില നടപടിപ്രകാരം ഏറ്റെടുക്കുന്നതിനായി കളക്ടറുടെ ചുമതല വഹിക്കുന്നതിന് നിയോഗിക്കപ്പെട്ടതിനാലും,

ആയതിൻപ്രകാരം ഡെപ്യൂട്ടി കളക്ടർ (എൽ എ) കലക്ടറേറ്റ്, കണ്ണൂർ പുനരധിവാസത്തിനും പുന;സ്ഥാപനത്തിനുമുള്ള കാര്യനിർവ്വാഹകനായി നിയോഗിക്കപ്പെട്ടതിനാലും,

താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് പായം ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനത്തിനുതകുന്ന ബസ്സ്സ്റ്റന്റ് ഷോപ്പിംങ്ങ് കോംപ്ലക്സ് ഓഡിറ്റോറിയം, അറവ്ശാല, പച്ചക്കറി മാർക്കറ്റ് എന്നിവ നിർമ്മിക്കുന്നതിലേക്ക് ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടകാനിടയുണ്ടെന്നോ കേരള സർക്കാരിന് ബോധ്യപ്പെടുന്നതുകൊണ്ടും

ആയതുകൊണ്ട്, ഇപ്പോൾ ഇത് സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ അറിവിലേക്കായി ഭൂമി ഏറ്റെടുക്കലിന് ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന;സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 11 ഉപവകുപ്പ് (1) പ്രകാരമുള്ള ഒരറിയിപ്പ് ഇതോടൊപ്പം പുറപ്പെടുവിക്കുന്നു.

മേൽ പ്രസ്താവിച്ച പ്രകാരം പട്ടികയിൽ കൊടുത്തിരിക്കുന്ന ഭൂമിയിൽ താല്പര്യമുള്ള ഏതൊരാളും ഈ വിജ്ഞാപനം പുറപ്പെടുവിച്ച തീയ്യതി മുതൽ പതിനഞ്ചു ദിവസത്തിനുള്ളിലോ അല്ലെങ്കിൽ ഇത് സംബന്ധിച്ച പൊതു അറിയിപ്പ് നൽകിയ ശേഷം പതിനഞ്ചു ദിവസത്തിനുള്ളിലോ ഏതാണോ അവസാനം സംഭവിക്കുന്നത് അപ്രകാരമുള്ള സമയ പരിധിക്കുള്ളിൽ പൊന്നും വിലയ്ക്കെടുക്കുന്ന ഭൂമിയിന്മേൽ ഭൂരേഖയുടെ നാളതീകരണം സംബന്ധിച്ചോ പ്രമാണം സംബന്ധിച്ചോ തങ്ങൾക്കുള്ള ആക്ഷേപം, എന്തെങ്കിലുമുണ്ടെങ്കിൽ, രേഖാമൂലമുള്ള പ്രസ്താവന സഹിതം സ്പെഷ്യൽ തഹസിൽദാർ എൽ എ (ജെ) തലശ്ശേരി മുമ്പാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത കാലപരിധിക്കുശേഷം സമർപ്പിക്കുന്ന പ്രസ്താവനകളും/ ആക്ഷേപങ്ങളും, ആക്ഷേപകന് ഭൂമിയിന്മേലുള്ള താല്പര്യമെന്താണെന്ന് ആക്ഷേപത്തിൽ വ്യക്തമായി വിശദീകരിക്കപ്പെടാത്ത സാഹചര്യത്തിലും അത്തരത്തിലുള്ള ആക്ഷേപത്തിൽ വ്യക്തമായി വിശദീകരിക്കപ്പെടാത്ത സാഹചര്യത്തിലും അത്തരത്തിലുള്ള പ്രസ്താവനകളും/ ആക്ഷേപങ്ങളും മൊത്തത്തിൽ നിരസിക്കപ്പെടുന്നതായിരിക്കും.

സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് ഔദ്യോഗിക വെബ് സൈറ്റായ www.kannur.nic.in ൽ ലഭ്യമാണ്. ആയതിന്റെ സംക്ഷിപ്ത രൂപം ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

പട്ടിക

(ഏകദേശ വിസ്തീർണ്ണമാണ് നൽകിയിരുന്നത്)

ജില്ല; കണ്ണൂർ    താലൂക്ക്; ഇരിട്ടി

വില്ലേജ് : വിളമന    ദേശം; വിളമന

| ക്രമ നമ്പർ | സർവ്വെ നമ്പർ | വിവരണം | വിസ്തീർണ്ണം (ഹെ.ആർ. ച.മീ) | ഏതു പൊതു ആവശ്യത്തിന് എന്ന് | ബാധിക്കപ്പെട്ട കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ട കാരണം | കൈവശക്കാരുടെ വിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | 350/2 | തോട്ടം | 0.2671 | പായം ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനത്തിനുതകുന്ന ബസ്സ് സ്റ്റാന്റ് ഷോപ്പിംങ്ങ് കോംപ്ലക്സ്, ഓഡിറ്റോറിയം, അറവ്ശാല, പച്ചക്കറി മാർക്കറ്റ് എന്നിവ നിർമ്മിക്കുന്നതിന് | കുടംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടതില്ല | ശ്രീ.ദേവസ്വ കൈതക്കൽ |
| 2 | 351/3 | തോട്ടം | 0.1820 | | | ശ്രീ. രാമചന്ദ്രൻ വാഴിയങ്കണ്ടി |

സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപം

പായം ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനം മുൻനിർത്തി ബസ് സ്റ്റാന്റ്, ഷോപ്പിങ്ങ് കോപ്ലക്സ്, ഓഡിറ്റോറിയം, അറവ് ശാല, പച്ചക്കറി മാർക്കറ്റ്, എന്നിവ നിർമ്മിക്കുന്നതിന് വേണ്ടി സ്വകാര്യ വ്യക്തികളിൽ നിന്നാണ് ഭൂമി ഏറ്റെടുക്കുന്നത്. പ്രകൃതി വിഭവങ്ങളുടെ ലഭ്യതകൊണ്ട് അനുഗ്രഹീയമായ പ്രദേശമാണെങ്കിലും പായം ഗ്രാമപഞ്ചായത്ത് കെട്ടിടം ഉൾക്കൊള്ളുന്ന മേഖല പല മേഖലയിലും അവികസിതമായി തുടരുകയാണ്. മേഖലയിലൂടെ കടന്ന് പോകുന്ന റോഡുകൾ വീതികൂടുന്നതിനും മറ്റും പ്രവർത്തികൾ നടന്ന് വരുന്നുണ്ടെങ്കിലും ബസ് സ്റ്റാന്റ് കേവലം 60 സെന്റ് സ്ഥലത്താണ് സ്ഥിതിചെയ്യുന്നത്. ബസ് സ്റ്റാന്റ് ഉൾപ്പെടെ വിസ്തൃതി വർദ്ധിപ്പിക്കൽ അനിവാര്യമാണ്. മേൽ സാഹചര്യത്തിൽ മേൽ സൂചിപ്പിച്ച വ്യക്തികളിൽ നിന്ന് ഭൂമി ഏറ്റെടുത്താൽ മാത്രമേ ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. സാമൂഹ്യ ആഘാതപഠനം നടത്തിയതിൽ തൊഴിലിനോ വരുമാനത്തിനോ യാതൊരുവിധ ആഘാതമുണ്ടാവുന്നില്ല എന്ന് ബോധ്യമായിട്ടുണ്ട്. ഏറ്റെടുക്കുന്ന രണ്ട് വ്യക്തികളുടെ ഭൂമിയിൽ ഒന്ന് ഒന്നും ചെയ്യാതെ ഒഴിഞ്ഞ് കിടക്കുന്നതും മറ്റെതിൽ റബ്ബർ കൃഷി ഉണ്ടെങ്കിലും നിലവിൽ ടാപ്പ് ചെയ്യാത്ത അവസ്ഥയാണ്. ടിയാൻ ഈ കൃഷിയെ ആശ്രയിച്ചല്ല കഴിയുന്നത് എന്നും ഈ സ്ഥലം ഏറ്റെടുക്കുന്നതിലൂടെ യാതൊരുവിധ തൊഴിൽ നഷ്ടവും ഉണ്ടാവുന്നില്ല എന്നും സാരമായ പാരിസ്ഥിതികമായ ആഘാതം ഉണ്ടാകുന്നില്ല എന്നും പഠനത്തിൽ മനസ്സിലാക്കിയ സാഹചര്യത്തിൽ പായം ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനത്തിന് മേൽ ഭൂമി ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്.

സ്പെഷ്യൽ തഹസിൽദാർ (എൽ എ) ജനറൽ,

തലശ്ശേരി